പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2010 07.07.2015-ൽ മറുപടിയ്ക്ക്

# രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതി കിരൺ യോജന പദ്ധതി.

ചോദ്യം

ശ്രീ. വി. ശിവൻകുട്ടി :

(എ) രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതി കിരൺ യോജന ആർ. ജി. ജി. വി. വൈ എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 2014-15 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 26 കോടി രൂപ വകയിരുത്തിയിരുന്നത് വിനിയോഗിച്ചു ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള എത്ര ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നൽകി എന്നുള്ളതിന്റെ വിശദാംശങ്ങൾ ജില്ല തിരിച്ചു ലഭ്യമാക്കുമോ ?

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.ജി.ജി.വി.വൈ. പ്രകാരം പദ്ധതി തുകയുടെ 90% ഗ്രാന്റായി കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്നു. 10% സംസ്ഥാന സർക്കാരിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. 2007 ലാണ് ഈ പദ്ധതി ആദ്യമായി കേരളത്തിൽ നടപ്പിലാക്കാൻ തുടങ്ങിയത്. സംസ്ഥാന സർക്കാരിൽ നിന്നുമുള്ള വിഹിതമായി ലഭിക്കേണ്ട തുക റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷനിൽ നിന്നും വായ്പയെടുത്താണ് പദ്ധതി നടപ്പിലാക്കി തുടങ്ങിയത്. 2014-15-ലെ ബഡ്ജറ്റ് പ്രകാരം 10 കോടി രൂപ സംസ്ഥാന വിഹിതമായി അനുവദിക്കുകയും തുക കെ.എസ്.ഇ.ബി. ലിമിറ്റഡിന് ലഭ്യമാക്കുകയും ചെയ്തു.

ആർ. ജി. ജി. വി. വൈ പദ്ധതിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് കണക്കെടുക്കുന്നത് സാമ്പത്തിക വർഷത്തിന്റെ അടിസ്ഥാനത്തിലല്ല. ടി. പദ്ധതി കേരളത്തിൽ നടപ്പാക്കുന്നതിനായി 10, 11 പദ്ധതികളിലായി 222 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, പാലക്കാട്, മലപ്പുറം, ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, എന്നീ ജില്ലകളിൽ ഈ പദ്ധതി 2015 മാർച്ച് മാസത്തിൽ പൂർത്തീകരിച്ചു. തിരുവനന്തപുരം. കോട്ടയം. എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ 2015 സെപ്റ്റംബറോടു കൂടി പൂർത്തീകരിക്കും. ഈ പദ്ധതി പ്രകാരം നാളിതുവരെ നൽകിയ വൈദ്യുതി കണക്ഷന്റെ ജില്ലതിരിച്ചുള്ള കണക്ക്

ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ലയുടെ പേര് | ബി.പി.എൽ. സർവീസ് കണക്ഷൻ നൽകിയത് |
|---|---|---|
| 1 | തിരുവനന്തപുരം | 10103 |
| 2 | കൊല്ലം | 5009 |
| 3 | പത്തനംതിട്ട | 2120 |
| 4 | കോട്ടയം | 2423 |
| 5 | ആലപ്പുഴ | 5388 |
| 6 | എറണാകുളം | 1575 |
| 7 | ഇടുക്കി | 17238 |
| 8 | തൃശ്ശൂർ | 3197 |
| 9 | മലപ്പുറം | 10360 |
| 10 | പാലക്കാട് | 18215 |
| 11 | വയനാട് | 9959 |
| 12 | കോഴിക്കോട് | 9741 |
| 13 | കണ്ണൂർ | 9347 |
| 14 | കാസർഗോഡ് | 6616 |
| | **ആകെ** | **111291** |

സെക്ഷൻ ഓഫീസർ.